"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി സുനിയ കെ എസ് -ന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യ വേതന അവധിയായി ക്രമീകരിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2009/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/10/2021

---

പരാമർശം:-

1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. ശ്രീമതി.സുനിയ.കെ.എസ്-ന്റെ 17.09.2015ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2015 ലെ ഇ6-33664/15, 03.03.2021 ലെ ഇ6-247/19 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.സുനിയ.കെ.എസ്-ന്റെ അനധികൃത ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം ( 2 ) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2 . ശ്രീമതി.സുനിയ.കെ.എസ് 28.10.201 3 ന് സേവനത്തിൽ പ്രവേശിച്ചു. 24.01.2015 മുതൽ അനധികൃത ഹാജരില്ലായ്മയിലായിരുന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് വരവെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 10.07.2015 ൽ ടിയാളെ ജോലിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. അനധികൃതമായി സേവനത്തിൽ ഹാജരാകാതിരുന്നതിന് താക്കീത് നൽകി ടിയാൾക്കെതിരായുള്ള അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്. 08.10.2014 മുതൽ 107 ദിവസത്തേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും 22.01.2015 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി സുനിയ കെ എസ് സേവനത്തിൽ പ്രവേശിച്ചിട്ട് മൂന്നു വർഷം പൂർത്തിയാകുന്നതിന് മുൻപാണ് 9 0 ദിവസത്തിൽ കൂടുതൽ കാലയളവിലേക്ക് അവധിയിൽ പ്രവേശിച്ചിട്ടുള്ള ത് എന്നതിനാൽ ടിയാളുടെ 08.10.2014 മുതൽ 22. 01 .2015 വരെയും 24.01.2015 മുതൽ 09.07.2015 വരെയുള്ള കാലയളവ് ഇൻക്രിമെന്റ് ഹയർ ഗ്രേഡ് , പെൻഷൻ , ആർജ്ജിത അവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ . എസ് . ആർ ഭാഗം 1 ചട്ടം 88(ii)

ൽ ഇളവ് വരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതന അവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, എടവനക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.സുനിയ.കെ.എസ്, ക്ലാർക്ക്, എടവനക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് (10.09.2021ലെ 91/ഡെവ-5/21/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(536/ഇപിഎ1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ